## 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2901** | **24-02-2026 - ൽ മറുപടിയ്ക്ക്**

## അഴീക്കോട് പൊമ്പാനോ ഫിഷ് ഹാച്ചറി പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലം മണ്ഡലത്തിലെ അഴീക്കോട് പൊമ്പാനോ ഫിഷ് ഹാച്ചറിയിൽ പൊമ്പാനോ മത്സ്യത്തിന്റെ വിത്തുല്പാദനത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | അഴീക്കാട് മേഖല ചെമ്മീൻ വിത്തുൽപാദന കേന്ദ്രത്തിലെ പൊമ്പാനോ യൂണിറ്റിൽ സിൽവർ പൊമ്പാനോ മത്സ്യത്തിന്റെ വിത്തുൽപാദനം വിജയകരമായി നടന്നുവരുന്നുണ്ട്. 2025 ഡിസംബർ മുതൽ പത്തോളം പരീക്ഷണങ്ങളിലായി 6.2 ലക്ഷത്തോളം മുട്ടകൾ ഇവിടെ ഉൽപാദിപ്പിച്ചിട്ടുണ്ട്. അവ വളർച്ചയുടെ വിവിധ ഘട്ടങ്ങളിലുമാണ്. ഇതിൽ നിന്നും 35000-ത്തോളം പൊമ്പാനോ കുഞ്ഞുങ്ങളെ വിൽപ്പന നടത്തുകയും ചെയ്തു. |
| (ബി) | പ്രസ്തുത ഫിഷ് ഹാച്ചറിയിൽ ഉല്പാദിപ്പിക്കുന്ന മത്സ്യകുഞ്ഞുങ്ങളെ റെയറിംഗ് ചെയ്യുന്നതിനായി ആവശ്യമായ ടാങ്കുകളുടെ അപര്യാപ്തത നിലവിലുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി റെയറിംഗിന് അനുയോജ്യമായ അധിക ടാങ്കുകൾ പ്രസ്തുത ഹാച്ചറിയിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പൊമ്പാനോ മൽസ്യത്തിന്റെ കുഞ്ഞുങ്ങളുടെ റിയറിംഗിന് ആവശ്യമായ ടാങ്കുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കുമായി നടപ്പുവർഷം 14.75 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വരികയാണ്. |
| (സി) | മേൽപ്പറഞ്ഞ ഹാച്ചറിയിൽ ഉല്പാദിപ്പിക്കുന്ന മത്സ്യകുഞ്ഞുങ്ങളെ മറ്റ് സംസ്ഥാനങ്ങളിലേക്ക് കയറ്റി അയക്കുന്നതടക്കം വിപുലമായ വിപണന സാധ്യതകൾ സൃഷ്ടിക്കാൻ കഴിയുമെന്ന കാര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ? | (സി) | വാണിജ്യാടിസ്ഥാനത്തിൽ സിൽവർ പൊമ്പാനോ മൽസ്യത്തിന്റെ വിത്തുൽപാദന ശേഷിയിൽ അഭിമാനകരമായ നേട്ടം കൈവരിച്ച രാജ്യത്തെ ഏക സ്ഥാപനമാണ് അഴീക്കാട് മേഖല ചെമ്മീൻ വിത്തുൽപാദന കേന്ദ്രവും അതിനു നേതൃത്വം നൽകുന്ന ഉദ്യോഗസ്ഥരും. ആ നിലയിൽ രാജ്യമൊട്ടുക്ക് സംസ്ഥാന ഫിഷറീസ് വകുപ്പിൻ കീഴിൽ വരുന്ന അഴീക്കാട് മേഖല ചെമ്മീൻ വിത്തുൽപാദന ക്രേന്ദത്തിൽ ഉൽപാദിപ്പിക്കുന്ന പൊമ്പാനോ മൽസ്യകുഞ്ഞുങ്ങൾക്ക് വലിയ വിപണന സാധ്യതയാണ് ഉള്ളത്. നിലവിൽ മാംഗ്ലൂർ, ഗോവ, മുംബൈ, ലക്ഷദ്വീപ്, ആന്ധ്രാപ്രദേശ് എന്നിവടങ്ങളിലേയ്ക്ക് സിൽവർ പൊമ്പാനോ മൽസ്യവിത്തുകൾ ഈ ഹാച്ചറിയിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്. മത്സ്യകൃഷി |

| | | | |
|---|---|---|---|
| | | | വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി ഇവിടെ ഉൽപ്പാദിപ്പിക്കുന്ന പൊമ്പാനോ വിത്തുകൾ മത്സ്യോല്പാദന വർധനവിനായി കേരളത്തിൽ തന്നെ വിതരണം ചെയ്യുന്നതിനും ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ